**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2324 **17.08.2017-** ലെ മറുപടിക്ക്

<u>അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട മലപ്പുറം ജില്ലയിലെ പട്ടികജാതി കോളനികൾക്ക് പദ്ധതി പ്രകാരമുള്ള തുക അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ ഇതിന് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ; ഇത് അടിയന്തിരമായി അനുവദിക്കുമോ; | (എ) | അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും ബഹു.എം.എൽ.എ-മാർ തെരഞ്ഞെടുത്ത് നൽകിയ 25 കോളനികളെ അംഗീകരിക്കുകയും നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത 15 കോളനികളുടെ പ്രവൃത്തികൾക്ക് ഒന്നാം ഗഡു തുക നൽകുകയും ചെയ്തിട്ടുണ്ട്. ലോക്സഭാ ഉപതെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ കൊണ്ടോട്ടി, മഞ്ചേരി, പെരിന്തൽമണ്ണ, മങ്കട, മലപ്പുറം, വേങ്ങര, വള്ളിക്കുന്ന് എന്നീ മണ്ഡലങ്ങളിലെ കോളനികൾക്ക് തുക മാറി നൽകാൻ കഴിഞ്ഞിരുന്നില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി കോളനികൾക്ക് തുക അനുവദിച്ച് നൽകുന്നതാണ്. |
| ബി) | ഈ പദ്ധതി പ്രകാരം ഓരോ കോളനികളിലും എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിടുന്നത്; ആകെ എത്ര തുകയാണ് ഓരോ കോളനികൾക്കും അനുവദിക്കുന്നത്; | (ബി) | ഈ പദ്ധതി പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന ഇനം പ്രവൃത്തികളിൽ നിന്നും ഓരോ കോളനിയ്ക്കും ആവശ്യമായവ തെരഞ്ഞെടുത്ത് സങ്കേതതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കർമ്മപരിപാടിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീട്ടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവ് വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)<br><br>ഓരോ കോളനിയ്ക്കും ഒരു കോടി രൂപയാണ് അനുവദിക്കുന്നത്. |
| (സി) | ഈ പദ്ധതിയിലേക്ക് ഓരോ വർഷവും മണ്ഡലത്തിൽ നിന്നുമുള്ള എത്ര വീതം കോളനികളെ വികസന പ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്? | (സി) | ഈ പദ്ധതിയിലേയ്ക്ക് 2016-17 സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിൽ നിന്നും രണ്ടു കോളനികൾ വീതം ഒരു എം.എൽ.എ-യ്ക്ക് തെരെഞ്ഞെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ